**കേരള സർക്കാർ**

# കേരള പൊതുവിപണി വില അവലോകനം

## സെപ്റ്റംബർ

## 2020



## പ്രൈസസ് വിഭാഗം

**സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്**

**(DEPARTMENT OF ECONOMICS AND STATISTICS)**

**തിരുവനന്തപുരം**

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം **പി.വി .ബാബു**

27-10-2020 **ഡയറക്ടർ**

# ആമുഖം

ലോക്ക് ഡൗണിൽ നിന്നും ഘട്ടം ഘട്ടമായി പുറത്തുകടക്കുന്ന പ്രക്രിയ ആരംഭിച്ചതോടെ വിപണിയും പതുക്കെ സജീവമായി തുടങ്ങിയിട്ടുണ്ട്. മിക്ക തൊഴിൽ മേഖലകളും പതുക്കെ സാധാരണ നിലയിലേക്ക് എത്തുന്നതിനുള്ള ശ്രമം ആരംഭിച്ചിരിക്കെ അതിന്റെ പ്രതിഫലനം വിപണിയിലും ദൃശ്യമാണ്. വിപണി പതുക്കെ ചലനാത്മകമായി തുടങ്ങിയിട്ടുണ്ട്. ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴ പച്ചക്കറി ഉൾപ്പെടെയുള്ള പല അവശ്യ സാധനങ്ങളുടെയും വിലയിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഈ വിലക്കയറ്റം കേരളത്തിന്റെ മാത്രം പ്രശ്നമല്ല ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പച്ചക്കറി ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് ഈ കാലയളവിൽ കാര്യമായി വില വർദ്ധിച്ചിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ കേരളത്തെ ഇത് കാര്യമായി ബാധിക്കുന്നു .

2019–20സീസണിലെ അരി സംഭരണം അവസാനിച്ചപ്പോൾ 513.50 ലക്ഷം ടൺ എന്ന സർവകാല റൊക്കോഡ് സംഭരണത്തിലേക്ക് എത്താൻ സാധിച്ചത് അടുത്ത വർഷത്തിൽ പൊതു വിപണിയിൽ അരിയുടെ വില പിടിച്ച് നിർത്തുന്നതിൽ നിർണ്ണായകമാണ് 2020 –21 വർഷത്തെ സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തവണ തറ വില വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.പഞ്ചാബിലും ഹരിയാനയിലും അടുത്ത സീസണിലേക്കുള്ള സംഭരണം ആരഭിച്ചതായാണ് ലഭിക്കുന്ന സൂചന .

കേരളം അരി ഇറക്കുമതിക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സംസ്ഥാനങ്ങളിലൊന്നായ തെലുങ്കാനയിൽ കഴിഞ്ഞ സീസണിൽ നെല്ല് ഉല്പാദനത്തിൽ ഏതാണ്ട് 36 ശതമാനം വർദ്ധനവ് ഉണ്ടായതായിട്ടാണ് ലഭിക്കുന്ന വിവരം ഇത്തവണ മൺസൂൺ കാലത്ത് നല്ല തോതിലുള്ള മഴ ലഭിച്ചതിനാൽ നല്ല ഉത്പാദനം നടക്കുമെന്നുള്ള പ്രതീക്ഷയിലാണ്.

ഖാരിഫ് സീസണിലെ നെൽകൃഷിയുടെ വിതയ്ക്കൽ കാലഘട്ടം പൂർത്തിയായപ്പോൾ മൊത്തം കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷത്തേക്കാൾ 30.35 ലക്ഷം ഹെക്ടറിന്റെ വർദ്ധനവ് കാണിക്കുന്നു. പഞ്ചാബ് ഒഴികെയുള്ള പ്രധാനപ്പെട്ട നെല്ല് ഉത്പാദക സംസ്ഥാനങ്ങളിൽ എല്ലാം തന്നെ കാർഷിക വിസ്തൃതി വർദ്ധിച്ചിട്ടുണ്ട്.

കേന്ദ്ര കാർഷിക മന്ത്രാലയം 2020–21 വർഷത്തെ ഖാരിഫ് സീസണിലെ ഒന്നാം അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പുറത്തിറക്കി .റിപ്പോർട്ട് പ്രകാരം മൊത്തം നെല്ല് ഉല്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 0.38 മില്യൺ ടണ്ണിന്റെയും പയർ വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ 1.56 മില്യൺ ടണ്ണിന്റെയും വർദ്ധനവ് പ്രതീക്ഷിക്കുന്നു

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ 2020–21 വർഷത്തെ ഖാരിഫ് സീസണിലെ ഒന്നാം അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നെല്ല്,പയർ വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പ്രധാന കാർഷിക വിളകളുടെ ഖാരിഫ് സീസണിലെ കാർഷിക വിസ്തൃതിയിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

കാലാവസ്ഥ വകുപ്പിന്റെ റിപ്പോർട്ട് അനുസരിച്ച് ജൂൺ മുതൽ സപ്തംബർ വരെയുള്ള കാലയളവിൽ ഇന്ത്യയിൽ ശരാശരിയിലും 9 ശതമാനം കൂടുതൽ മഴ ലഭിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ മഴ ലഭിച്ചത് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലാണ് 29 ശതമാനം. മദ്ധ്യേന്ത്യയിൽ 15 ശതമാനവും കിഴക്ക്– തെക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ 6 ശതമാനവും അധിക മഴ ലഭിച്ചപ്പോൾ വടക്ക് പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ 15 ശതമാനം കുറബ് മഴയാണ് ലഭിച്ചത്


ജൂൺ 1 മുതൽ സപ്തംബർ 30 വരെയുള്ള തെക്ക പടിഞ്ഞാറൻ കാലവർഷകാലത്ത് കേരളത്തിൽ സാധാരണ തോതിലുള്ള മഴ ലഭിച്ചു സാധാരണ ലഭിക്കാറുള്ളതിനേക്കാൾ 9 ശതമാനം അധിക മഴ ഈ കാലയളവിൽ ലഭിച്ചു . 2,227.9 മില്ലിമീറ്റർ മഴ ഈ കാലയളവിൽ ലഭിച്ചു. വയനാട് ഒഴികെയുള്ള വടക്കൻ ജില്ലകളിൽ കൂടുതലായി മഴ ലഭിച്ചതായാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

ഉള്ളി, സവാള ഉരുളക്കിഴങ്ങ് ,കാരറ്റ് എന്നിവയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമായിട്ടുണ്ട്. ഉള്ളിയുടെയും സവാളയുടെയും വിലയിലുണ്ടാവുന്ന വർദ്ധനവ് അല്പകാലം നീണ്ടു നിൽക്കാൻ സാധ്യത ഉണ്ട്. എങ്കിലും കഴിഞ്ഞ വർഷം ഒക്ടോബർ നവംബർ കാലഘട്ടത്തിലുണ്ടായ തരത്തിലുള്ള വർദ്ധനക്കുള്ള സാഹചര്യം നിലവിൽ കാണുന്നില്ല ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴയെ തുടർന്ന് വിളനാശം സംഭവിച്ചതാണ് വിലവർദ്ധനവിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരമെങ്കിലും മറ്റ് കാരണങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. അതോടൊപ്പം തന്നെ സംഭരിക്കാവുന്ന ഇടങ്ങളിൽനിന്നും സവാളയും ഉള്ളിയും സംഭരിച്ചു വയ്ക്കുന്നത് വില പിടിച്ചു നിർത്തുന്നതിനു സഹായകരമായിരിക്കും.

## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ ലോക്ക്ഡൗണിനു ശേഷം തുടർച്ചയായ കുറവ് രേഖപ്പെടുത്തുകയാണ്.മികച്ച ഉല്പാദനവും സംഭരണവും വരും മാസങ്ങളിലും അരിയുടെ വിലയിൽ കാര്യമായ വർദ്ധനവിനുള്ള സാധ്യത തള്ളിക്കളയുന്നു. ആവശ്യത്തിനുള്ള അരിയുടെ വരവ് പൊതു വിപണിയിൽ നിലവിലുണ്ട്. ഉത്പാദക സംസ്ഥാനങ്ങളിലും അരിയുടെ വിലയിൽ വർദ്ധനവ് ദൃശ്യമല്ല.നിലവിലുള്ള സ്ഥിതി പരിശോധിക്കുമ്പോൾ 2021 ലും അരിയുടെ വിലയിൽ കാര്യമായ വർദ്ധനവിന് സാധ്യത ഇല്ല എന്നാണ് ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 39.68 | 38.35 | 38.29 | -0.16 | -3.50 |
| 2 | ചമ്പ | കിലോഗ്രാം | 39.50 | 40.00 | 40.00 | 0.00 | 1.27 |
| 3 | റോസ് | കിലോഗ്രാം | 40.50 | 41.24 | 41.13 | -0.27 | 1.56 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.89 | 36.85 | 36.62 | -0.62 | -0.73 |
| 5 | ജയ | കിലോഗ്രാം | 36.50 | 37.85 | 37.83 | -0.05 | 3.64 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.75 | 35.29 | 35.00 | -0.82 | 0.72 |




## II.പയർ വർഗ്ഗങ്ങൾ

അവലോകനമാസമായ സപ്തംബർ മൊത്തത്തിൽ പരിശോധിക്കുമ്പോൾ പയർ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ വ്യതിയാനം ശ്രദ്ധയിൽ പെടുന്നില്ലെങ്കിലും മാസാവസാനം ,തുവരപരിപ്പ് ,ഉഴുന്ന്, ചെറുപയർ എന്നിവയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത നില നിൽക്കുന്നുണ്ട്. ഒക്ടോബറിലും ഇവയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് പൊതുവെ വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. പൊതുവെ ഉത്തരേന്ത്യൻ വിപണിയിലും പയർ വർഗ്ഗങ്ങളുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ടെന്നാണ് ലഭിക്കുന്ന സൂചന അതോടൊപ്പം തന്നെ മ്യാന്മറിൽ നിന്നും ഇറക്കുമതിക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.ഒക്ടോബർ അവസാനമോ നവംബറിലോ വിലയിൽ കുറവുണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 95.59 | 116.71 | 113.38 | -2.85 | 18.61 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 98.84 | 121.76 | 120.30 | -1.20 | 21.71 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 95.70 | 118.63 | 118.48 | -0.13 | 23.80 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 91.61 | 112.55 | 112.72 | 0.15 | 23.04 |
| 5 | വൻപയർ | കിലോഗ്രാം | 82.48 | 77.48 | 75.45 | -2.62 | -8.52 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 99.34 | 99.83 | 102.45 | 2.62 | 3.13 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.45 | 78.83 | 78.98 | 0.19 | 0.68 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 75.25 | 71.38 | 71.09 | -0.41 | -5.53 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 71.02 | 75.94 | 77.67 | 2.28 | 9.36 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.81 | 85.08 | 85.29 | 0.25 | 17.14 |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ സപ്തംബറിൽ ഈ ഇനത്തിൽ പ്രധാനമായും ഇറച്ചിക്കോഴി ,കോഴിമുട്ട എന്നിവയുടെ വിലയിലാണ് പ്രധാനമായും വില വ്യതിയാനം ദൃശ്യമായത്.ഇറച്ചിക്കോഴിയുടെ വിലയിൽ മാസാവസാനം ഏതാണ്ട് സ്ഥിരത കാര്യമായ വർദ്ധനവില്ലാതെ സ്ഥിരത നിലനിർത്തുന്ന പ്രവണതയാണ് കാണുന്നത്.

മുട്ടയുടെ വിലയിൽ മാസാന്ത്യത്തിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമാണ് സാധാരണ ഒക്ടോബർ അവസാനവും നവംബർ-ഡിസംബർ മാസങ്ങളിലും ക്രിസ്തുമസിനോട് അനുബന്ധിച്ച് മുട്ടയുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാറുണ്ടെങ്കിലും ഇത്തവണ സാധാരണയിൽ നിന്നും വ്യത്യസ്തമായി നേരത്തെ വർദ്ധനവ് പ്രകടമാണ് ഉത്തരേന്ത്യയിൽ നിന്നുള്ള ഡിമാൻറ് വർദ്ധിച്ചതാണ് വില വർദ്ധനവിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന ഒക്ടോബർ -നവംബർ മാസത്തിലും വർദ്ധനവ് തുടരാനാണ് സാധ്യത.പ്രധാനപ്പെട്ട മുട്ട ഉത്പാദക പ്രദേശങ്ങളായ നാമക്കൽ,വിജയവാഡ എന്നിവിടങ്ങളിലും മുട്ടയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പഞ്ചസാര,ശർക്കര എന്നിവയുടെ വിലയിൽ കുറവുണ്ടായിട്ടുണ്ട്.ഒക്ടോബറിലും കാര്യമായ വർദ്ധനവിന് സാധ്യത കാണുന്നില്ല. തേയിലയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത നിലനിക്കുന്നുണ്ട്.ഒക്ടോബറിലും ഇത് തുടരാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.25 | 39.39 | 39.20 | -0.48 | -0.13 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.58 | 169.06 | 169.02 | -0.02 | 8.64 |
| 3 | ശർക്കര | കിലോഗ്രാം | 55.89 | 59.67 | 57.54 | -3.57 | 2.95 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 51.18 | 56.70 | 61.38 | 8.25 | 19.93 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 581.79 | 641.07 | 643.93 | 0.45 | 10.68 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 98.56 | 102.36 | 122.65 | 19.82 | 24.44 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.68 | 147.14 | 147.25 | 0.07 | -0.29 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.62 | 163.23 | 162.85 | -0.23 | 0.14 |




## IV. എണ്ണയും എണ്ണക്കുരുക്കളും

ഭക്ഷ്യ എണ്ണയുടെ വിലയിലും വിലക്കയറ്റത്തിനുള്ള ഒരു പ്രവണത നില നിൽക്കുന്നുണ്ട്.അന്തരാഷ്ട്ര വിപണിയിൽ ഉള്ള ഭക്ഷ്യ എണ്ണയുടെ വിലക്കയറ്റമാണ് ഇന്ത്യയിലും അതോടൊപ്പം തന്നെ കേരളത്തിലെയും ഭക്ഷ്യ എണ്ണകളും വിലക്കയറ്റത്തിന് കരണമാവുന്നതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിലും ഈ വർദ്ധനവ് പ്രകടമാണ്.

അന്തരാഷ്ട്ര കോക്കനട്ട് കമ്യൂണിറ്റിയുടെ സപ്തംബർ മാസത്തെ കണക്കനുസരിച്ച് പ്രധാനപ്പെട്ട തേങ്ങാ ഉത്പാദക രാജ്യങ്ങളിൽ ഏതാണ്ട് എല്ലാ സ്ഥലത്തും മാസം അവസാനം വില വർദ്ധനവ് പ്രകടമാണ്. വെളിച്ചെണ്ണ മെടിക് ടണ്ണിനു യൂറോപ്പിൽ 1024 ഡോളറായിരുന്നത് മാസാവസാനം 1060 ആയും ഫിലിപ്പീൻസ്സിൽ 964 ഡോളർ ആയിരുന്നത് 980 ഡോളർ ആയും ഇന്തോനേഷ്യത്തിൽ 955 ഡോളർ ആയിരുന്നത് 955 ഡോളർ ആയും ഇന്ത്യയിൽ 2396 ഡോളർ ആയിരുന്നത് 2631 ഡോളർ ആയും വർദ്ധിച്ച കൊപ്രയുടെ വില ഫിലിപ്പീൻസ്സിൽ 624 ഡോളർ ആയിരുന്നത് 643 ഡോളർ ആയും ഇന്ത്യയിൽ 1,524 ഡോളർ ആയിരുന്നത് 1,668 ഡോളർ ആയും വർദ്ധിച്ചു.തേങ്ങയുടെ വില ഇന്തോനേഷ്യത്തിൽ 176 ഡോളർ ആയിരുന്നത് 194 ഡോളർ ആയും,ഇന്ത്യയിൽ 568 ഡോളർ ആയിരുന്നത് 572 ഡോളർ ആയും വർദ്ധിച്ചു.

ഒക്ടോബറിലും ഈ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 186.80 | 187.74 | 196.61 | 4.72 | 5.25 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 156.00 | 153.00 | 163.05 | 6.57 | 4.52 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 99.25 | 109.58 | 112.33 | 2.51 | 13.18 |
| 4 | നല്ലെണ്ണ | ലിററർ | 212.27 | 199.24 | 197.13 | -1.06 | -7.13 |
| 5 | കടുക് എണ്ണ | ലിററർ | 132.00 | 142.50 | 143.75 | 0.88 | 8.90 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 98.50 | 108.36 | 109.66 | 1.20 | 11.33 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 99.54 | 109.63 | 114.73 | 4.65 | 15.26 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 184.50 | 188.43 | 200.98 | 6.66 | 8.93 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

സുഗന്ധ വ്യഞ്ജനങ്ങളിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെ വിലയിലും വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.പ്രത്യേകിച്ച് ഉള്ളിയുടെയും മുളകിന്റെയും വിലയിൽ ഈ കാലയളവിൽ കാര്യമായ വർദ്ധനവുണ്ടായി ഉള്ളി ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴകാരണം വിള നശിച്ചത് കാരണമാണ് വിലയിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം . ഒക്ടോബർ –നവംബർ മാസങ്ങളിലും ഈ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന സൂചന .

ഇന്ത്യൻ മുളകിന് തെക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നും ഉണ്ടായിരിക്കുന്ന വാൻ ഡിമാന്റാണ് വില വർദ്ധനവിന് കാരണമെന്നാണ് ലഭിക്കുന്ന വിവരം .ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഡിമാന്റ് വർദ്ധിച്ചതാണ് കുരുമുളകിന്റെ വിലയിൽ വർദ്ധനവുണ്ടാവാൻ കാരണമായത്

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | **101.57** | **97.93** | **99.88** | **1.99** | **-1.66** |
| 2 | മുളക് | കിലോഗ്രാം | **160.84** | **162.81** | **170.66** | **4.82** | **6.11** |
| 3 | ഉള്ളി | കിലോഗ്രാം | **58.68** | **54.69** | **65.66** | **20.06** | **11.90** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **143.79** | **159.17** | **161.54** | **1.49** | **12.34** |
| 5 | ജീരകം | 100 ഗ്രാം | **29.89** | **29.90** | **30.02** | **0.40** | **0.43** |
| 6 | കടുക് | 100 ഗ്രാം | **9.57** | **9.81** | **9.84** | **0.31** | **2.82** |
| 7 | ഉലുവ | 100 ഗ്രാം | **10.14** | **10.12** | **10.21** | **0.89** | **0.69** |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | **18.54** | **18.67** | **18.54** | **-0.70** | **0.00** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **15.55** | **15.21** | **15.32** | **0.72** | **-1.48** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **414.90** | **371.92** | **377.12** | **1.40** | **-9.11** |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ സപ്റ്റംബറിൽ പൊതുവെ പച്ചക്കറി വർഗ്ഗങ്ങളിൽ ദൃശ്യമായ വർദ്ധനവ് കിഴങ്ങ വർഗ്ഗങ്ങളുടെ വിലയിലും പ്രകടമായിരുന്നു. ചേമ്പ് ഒഴികെയുള്ള ഇനങ്ങളിൽ വർദ്ധനവുണ്ടായി. പ്രത്യേകിച്ച് കാരറ്റ്,ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവുണ്ടായി.ഉത്പാദക സംസ്ഥാനങ്ങളിലുണ്ടായ കനത്ത മഴ കാരണം വിള നശിച്ചതാണ് വിലക്കയറ്റത്തിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം ഒക്ടോബർ മാസത്തിലും കാര്യമായ വിലക്കുറവുണ്ടാവാൻ ഇടയില്ലെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം

.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 35.30 | 35.87 | 34.38 | -4.15 | -2.61 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 27.25 | 23.40 | 24.23 | 3.55 | -11.08 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 28.98 | 43.19 | 45.43 | 5.19 | 56.76 |
| 4 | ചേമ്പ് | കിലോഗ്രാം | 70.12 | 62.00 | 59.27 | -4.40 | -15.47 |
| 5 | ബീററൂട്ട് | കിലോഗ്രാം | 43.27 | 36.69 | 37.04 | 0.95 | -14.40 |
| 6 | കാരററ് | കിലോഗ്രാം | 52.36 | 56.14 | 67.88 | 20.91 | 29.64 |




## VII. പച്ചക്കറി ഇനങ്ങൾ

സവാളയുടെ വിലയിൽ വൻതോതിലുള്ള വിലക്കയറ്റത്തിലേക്കുള്ള സൂചനയാണ് വിപണിയിൽ നിന്നും ലഭിക്കുന്നത്, വിലക്കയറ്റത്തിനുള്ള സാധ്യത മുന്നിൽ കണ്ട് കേന്ദ്ര സർക്കാർ സവാളയുടെ കയറ്റുമതി നിർത്തിവച്ചിട്ടുണ്ട്.ഒക്ടോബർ മാസത്തിലും കാര്യമായ വിലക്കയറ്റത്തിലേക്ക് എന്ന് തന്നെയാണ് സൂചനകൾ. സാധാരണ ജനങ്ങൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന അവശ്യ വസ്തുക്കളിൽ പെട്ട സവാള ,ഉരുളക്കിഴങ്ങ് ,ഉള്ളി എന്നിവയുടെ വിലയും വർദ്ധനവിലേക്കുതന്നെ എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചനകൾ. മറ്റ് പച്ചക്കറികളുടെ വിലയിലും വർദ്ധനവ് പ്രകടമായിരുന്നു. കനത്ത മഴയിൽ വിളനാശം സംഭവിച്ചതാണ് വിലക്കയറ്റത്തിന് കാരണമെന്നാണ് വിപണിയിൽ നിന്നുള്ള സൂചന .

സവാള ,ഉള്ളി ഒഴികെ യുള്ള ഇനങ്ങളിൽ പ്രാദേശികമായ ലഭ്യതക്കനുസരിച്ചുള്ള വ്യതിയാനങ്ങൾ വരും മാസങ്ങളിൽ ഉണ്ടാവാൻ ഇടയുണ്ട്.എന്നാൽ സവാളയുടെയും ഉള്ളിയുടെയും വിലയിൽ വർദ്ധനവ് തുടരാനാണ് സാധ്യത

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **44.80** | **21.35** | **35.18** | **64.78** | **-21.47** |
| 2 | വഴുതന | കിലോഗ്രാം | **36.71** | **32.93** | **34.07** | **3.46** | **-7.19** |
| 3 | മത്തങ്ങ | കിലോഗ്രാം | **22.86** | **25.20** | **27.86** | **10.56** | **21.87** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **34.96** | **27.05** | **24.05** | **-11.09** | **-31.21** |
| 5 | വെണ്ടക്ക | കിലോഗ്രാം | **35.25** | **41.64** | **49.88** | **19.79** | **41.50** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **57.93** | **57.71** | **68.16** | **18.11** | **17.66** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **55.89** | **54.64** | **60.50** | **10.72** | **8.25** |
| 8 | കാബേജ് | കിലോഗ്രാം | **33.38** | **30.19** | **33.70** | **11.63** | **0.96** |
| 9 | പാവയ്ക്ക | കിലോഗ്രാം | **48.05** | **47.67** | **51.00** | **6.99** | **6.14** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **24.48** | **26.94** | **24.54** | **-8.91** | **0.25** |
| 11 | പടവലങ്ങ | കിലോഗ്രാം | **40.14** | **33.57** | **37.25** | **10.96** | **-7.20** |
| 12 | തക്കാളി | കിലോഗ്രാം | **25.66** | **33.60** | **44.84** | **33.45** | **74.75** |
| 13 | പച്ചമുളക് | 100 ഗ്രാം | **5.33** | **5.76** | **6.60** | **14.58** | **23.83** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **53.82** | **42.07** | **49.82** | **18.42** | **-7.43** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **38.21** | **31.07** | **31.96** | **2.86** | **-16.36** |




## VIII. പഴവർഗ്ഗങ്ങൾ

മിക്ക ഇനങ്ങളുടെയും പ്രധാനപ്പെട്ട സീസൺ അവസാനിച്ചതോടെ സീസണലായ പഴവർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഏത്തപ്പഴം,വാഴപ്പഴങ്ങൾ എന്നിവയുടെ വിലയിൽ മാസാവസാനം നേരിയ വർദ്ധനവ് റിപ്പോർട്ട് ചെയ്തു.

ഓറഞ്ചിന്റെ വിലയിൽ കുറവുണ്ടായിട്ടുണ്ട്. ഒക്ടോബർ മാസത്തിലും ഈ കുറവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം.മാതളത്തിന്റെ വിലയിൽ നേരിയ വർദ്ധനവ് തുടർന്നു. ഏത്തപ്പഴം ,വാഴപ്പഴം, തണ്ണിമത്തൻ ,മുന്തിരി എന്നിവയുടെ വിലയിലും നേരിയ വിലക്കയറ്റം . ഒക്ടോബറിലും പഴവർഗ്ഗങ്ങളും വിലയിൽ കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 93.83 | 98.54 | 81.91 | -16.88 | -12.70 |
| 2 | മുസമ്പി | കിലോഗ്രാം | 74.96 | 60.77 | 59.36 | -2.32 | -20.81 |
| 3 | മാതളം | കിലോഗ്രാം | 118.65 | 103.85 | 118.82 | 14.42 | 0.14 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 110.52 | 145.32 | 133.27 | -8.29 | 20.58 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 62.57 | 53.30 | 57.59 | 8.05 | -7.96 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 46.29 | 29.80 | 30.30 | 1.68 | -34.54 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 74.68 | 59.46 | 60.60 | 1.92 | -18.85 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 64.24 | 51.33 | 51.88 | 1.07 | -19.24 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 36.54 | 28.65 | 28.23 | -1.47 | -22.74 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 113.26 | 101.55 | 116.36 | 14.58 | 2.74 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 25.34 | 18.38 | 31.36 | 70.62 | 23.76 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 98.01 | 80.71 | 88.65 | 9.84 | -9.55 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 81.59 | 69.50 | 74.05 | 6.55 | -9.24 |




## IX. ഭക്ഷ്യേതര വസ്തുക്കൾ

ഭക്ഷ്യേതരവസ്തുക്കളിൽ കാര്യമായ വില വ്യതിയാനം അവലോകനമാസമായ സപ്തംബറിൽ ദൃശ്യമായില്ല മാസാവസാനം സിമന്റിന്റെ വിലയിൽ നേരിയ വർദ്ധനവിനുള്ള പ്രവണത ദൃശ്യമായിരുന്നു. എങ്കിലും കാര്യമായ വർദ്ധനവിനുള്ള സാഹചര്യം ഇല്ല എന്നാണ് വിപണി നില പരിശോധിക്കുമ്പോൾ മനസിലാവുന്നത്.

സ്റ്റീലിന്റെ വിലയിലും കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായില്ല .സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ ഒക്ടോബറിലും കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **20.14** | **20.14** | **0.00** | **0.70** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **27.23** | **25.57** | **25.21** | **-1.41** | **-7.42** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **495.00** | **490.00** | **495.00** | **1.02** | **0.00** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **397.57** | **430.94** | **425.31** | **-1.31** | **6.98** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **391.86** | **426.79** | **421.07** | **-1.34** | **7.45** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **49.64** | **50.51** | **50.50** | **-0.02** | **1.73** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 39.68 | 38.35 | 38.29 | -0.16 | -3.50 |
| 2 | ചമ്പ | കിലോഗ്രാം | 39.50 | 40.00 | 40.00 | 0.00 | 1.27 |
| 3 | റോസ് | കിലോഗ്രാം | 40.50 | 41.24 | 41.13 | -0.27 | 1.56 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.89 | 36.85 | 36.62 | -0.62 | -0.73 |
| 5 | ജയ | കിലോഗ്രാം | 36.50 | 37.85 | 37.83 | -0.05 | 3.64 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.75 | 35.29 | 35.00 | -0.82 | 0.72 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 95.59 | 116.71 | 113.38 | -2.85 | 18.61 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 98.84 | 121.76 | 120.30 | -1.20 | 21.71 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 95.70 | 118.63 | 118.48 | -0.13 | 23.80 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 91.61 | 112.55 | 112.72 | 0.15 | 23.04 |
| 5 | വൻപയർ | കിലോഗ്രാം | 82.48 | 77.48 | 75.45 | -2.62 | -8.52 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 99.34 | 99.83 | 102.45 | 2.62 | 3.13 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.45 | 78.83 | 78.98 | 0.19 | 0.68 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 75.25 | 71.38 | 71.09 | -0.41 | -5.53 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 71.02 | 75.94 | 77.67 | 2.28 | 9.36 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.81 | 85.08 | 85.29 | 0.25 | 17.14 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.25 | 39.39 | 39.20 | -0.48 | -0.13 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.58 | 169.06 | 169.02 | -0.02 | 8.64 |
| 3 | ശർക്കര | കിലോഗ്രാം | 55.89 | 59.67 | 57.54 | -3.57 | 2.95 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 51.18 | 56.70 | 61.38 | 8.25 | 19.93 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 581.79 | 641.07 | 643.93 | 0.45 | 10.68 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 98.56 | 102.36 | 122.65 | 19.82 | 24.44 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.68 | 147.14 | 147.25 | 0.07 | -0.29 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.62 | 163.23 | 162.85 | -0.23 | 0.14 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 186.80 | 187.74 | 196.61 | 4.72 | 5.25 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 156.00 | 153.00 | 163.05 | 6.57 | 4.52 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 99.25 | 109.58 | 112.33 | 2.51 | 13.18 |
| 4 | നല്ലെണ്ണ | ലിററർ | 212.27 | 199.24 | 197.13 | -1.06 | -7.13 |
| 5 | കടുക് എണ്ണ | ലിററർ | 132.00 | 142.50 | 143.75 | 0.88 | 8.90 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 98.50 | 108.36 | 109.66 | 1.20 | 11.33 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 99.54 | 109.63 | 114.73 | 4.65 | 15.26 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 184.50 | 188.43 | 200.98 | 6.66 | 8.93 |

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **101.57** | **97.93** | **99.88** | **1.99** | **-1.66** |
| 2 | മുളക് | കിലോഗ്രാം | **160.84** | **162.81** | **170.66** | **4.82** | **6.11** |
| 3 | ഉള്ളി | കിലോഗ്രാം | **58.68** | **54.69** | **65.66** | **20.06** | **11.90** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **143.79** | **159.17** | **161.54** | **1.49** | **12.34** |
| 5 | ജീരകം | 100 ഗ്രാം | **29.89** | **29.90** | **30.02** | **0.40** | **0.43** |
| 6 | കടുക് | 100 ഗ്രാം | **9.57** | **9.81** | **9.84** | **0.31** | **2.82** |
| 7 | ഉലുവ | 100 ഗ്രാം | **10.14** | **10.12** | **10.21** | **0.89** | **0.69** |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | **18.54** | **18.67** | **18.54** | **-0.70** | **0.00** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **15.55** | **15.21** | **15.32** | **0.72** | **-1.48** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **414.90** | **371.92** | **377.12** | **1.40** | **-9.11** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **35.30** | **35.87** | **34.38** | **-4.15** | **-2.61** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **27.25** | **23.40** | **24.23** | **3.55** | **-11.08** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **28.98** | **43.19** | **45.43** | **5.19** | **56.76** |
| 4 | ചേമ്പ് | കിലോഗ്രാം | **70.12** | **62.00** | **59.27** | **-4.40** | **-15.47** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **43.27** | **36.69** | **37.04** | **0.95** | **-14.40** |
| 6 | കാരററ് | കിലോഗ്രാം | **52.36** | **56.14** | **67.88** | **20.91** | **29.64** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **44.80** | **21.35** | **35.18** | **64.78** | **-21.47** |
| 2 | വഴുതന | കിലോഗ്രാം | **36.71** | **32.93** | **34.07** | **3.46** | **-7.19** |
| 3 | മത്തങ്ങ | കിലോഗ്രാം | **22.86** | **25.20** | **27.86** | **10.56** | **21.87** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **34.96** | **27.05** | **24.05** | **-11.09** | **-31.21** |
| 5 | വെണ്ടക്ക | കിലോഗ്രാം | **35.25** | **41.64** | **49.88** | **19.79** | **41.50** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **57.93** | **57.71** | **68.16** | **18.11** | **17.66** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **55.89** | **54.64** | **60.50** | **10.72** | **8.25** |
| 8 | കാബേജ് | കിലോഗ്രാം | **33.38** | **30.19** | **33.70** | **11.63** | **0.96** |
| 9 | പാവയ്ക്ക | കിലോഗ്രാം | **48.05** | **47.67** | **51.00** | **6.99** | **6.14** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **24.48** | **26.94** | **24.54** | **-8.91** | **0.25** |
| 11 | പടവലങ്ങ | കിലോഗ്രാം | **40.14** | **33.57** | **37.25** | **10.96** | **-7.20** |
| 12 | തക്കാളി | കിലോഗ്രാം | **25.66** | **33.60** | **44.84** | **33.45** | **74.75** |
| 13 | പച്ചമുളക് | 100 ഗ്രാം | **5.33** | **5.76** | **6.60** | **14.58** | **23.83** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **53.82** | **42.07** | **49.82** | **18.42** | **-7.43** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **38.21** | **31.07** | **31.96** | **2.86** | **-16.36** |

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2019 | ആഗസ്ത് 2020 | സപ്തംബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 93.83 | 98.54 | 81.91 | -16.88 | -12.70 |
| 2 | മുസമ്പി | കിലോഗ്രാം | 74.96 | 60.77 | 59.36 | -2.32 | -20.81 |
| 3 | മാതളം | കിലോഗ്രാം | 118.65 | 103.85 | 118.82 | 14.42 | 0.14 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 110.52 | 145.32 | 133.27 | -8.29 | 20.58 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 62.57 | 53.30 | 57.59 | 8.05 | -7.96 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 46.29 | 29.80 | 30.30 | 1.68 | -34.54 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 74.68 | 59.46 | 60.60 | 1.92 | -18.85 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 64.24 | 51.33 | 51.88 | 1.07 | -19.24 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 36.54 | 28.65 | 28.23 | -1.47 | -22.74 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 113.26 | 101.55 | 116.36 | 14.58 | 2.74 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 25.34 | 18.38 | 31.36 | 70.62 | 23.76 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 98.01 | 80.71 | 88.65 | 9.84 | -9.55 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 81.59 | 69.50 | 74.05 | 6.55 | -9.24 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.14 | 20.14 | 0.00 | 0.70 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.23 | 25.57 | 25.21 | -1.41 | -7.42 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 495.00 | 490.00 | 495.00 | 1.02 | 0.00 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 397.57 | 430.94 | 425.31 | -1.31 | 6.98 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 391.86 | 426.79 | 421.07 | -1.34 | 7.45 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 49.64 | 50.51 | 50.50 | -0.02 | 1.73 |